## ഹദീസ്

എസ്സെംകെ

# അവിശ്വാസികൾക്കും ആദരവ്

عَنْ جُبَيْرِ بْنِ مُطْعِمٍ رضى الله عنه : أَنَّ اَلنَّبِيَّ صلى الله عليه وسلم قَالَ فِي أُسَارَى بَدْرٍ: لَوْ كَانَ اَلْمُطْعِمُ بْنُ عَدِيٍّ حَيًّا, ثُمَّ كَلَّمَنِي فِي هَؤُلَاءِ النَّتْنَى لَتَرَكْتُهُمْ لَهُ ـ الْبُخَارِي

**ജുബൈറുബ്നു മുത്ഇം നിവേദനം ചെയ്യുന്നു: 'ബദ്റിലെ ബന്ധനസ്ഥരെക്കുറിച്ച് നബി(സ) പറഞ്ഞു: അദിയുബ്നു മുത്ഇം ജീവിച്ചിരിക്കുകയും അദ്ദേഹം ഈ ദുഷ്ടന്മാരുടെ കാര്യത്തിൽ എന്നോട് സംസാരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഞാൻ ഇവരെ അദ്ദേഹത്തിനു വേണ്ടി വെറുതെ വിടുമായിരുന്നു' (ബുഖാരി).**

സമകാലീന സാഹചര്യത്തിൽ ഏറെ പ്രസക്തമായ ഒരാശയത്തിലേക്ക് നയിക്കുന്ന സംഭവമാണ് ഇവിടെ വിശദീകരിക്കപ്പെട്ടത്. ബഹുദൈവ വിശ്വാസിയും വിഗ്രഹാരാധകനുമായ ഒരാൾക്ക് പ്രവാചകൻ നൽകിയ അത്യസാധാരണ പരിഗണനയാണ് ഇത് വിളംബരം ചെയ്യുന്നത്. അത് അതിമഹത്തായ ഒരു പ്രത്യുപകാരത്തിന്റെ കഥകൂടിയാണ്.

പ്രവാചകത്വത്തിന്റെ പത്താം വർഷം നബിയുടെ പ്രിയപത്നി ഖദീജാ ബീവി പരലോകം പ്രാപിച്ചു. അദ്ദേഹത്തിന് സംരക്ഷണം നൽകിക്കൊണ്ടിരുന്ന അബൂത്വാലിബും അതേ വർഷം അന്ത്യശ്വാസം വലിച്ചു. അതിനാൽ അത് ഇസ്‌ലാമിക ചരിത്രത്തിൽ ദുഃഖവർഷമായി അറിയപ്പെടുന്നു.

ഇരുവരുടെയും മരണത്തോടെ പ്രവാചകന് മക്കയിൽ ജീവിതം ദുസ്സഹമായി. അതോടെ തന്റെ അടുത്ത ബന്ധുക്കൾ താമസിക്കുന്ന ത്വാഇഫിലേക്ക് അഭയം തേടിപ്പോയി. നൂറു കിലോമീറ്ററോളം ദൂരം സഞ്ചരിക്കേണ്ട ആ യാത്രയിൽ സൈദുബ്നു ഹാരിസ കൂടെയുണ്ടായിരുന്നു. ത്വാഇഫ് നിവാസികൾ നബിക്ക് അഭയം നൽകിയില്ലെന്നു മാത്രമല്ല കഠിനമായി ദ്രോഹിക്കുകയും ചെയ്തു. പ്രവാചകന് ശരീരത്തിൽ മുറിവുപറ്റി രക്തമൊഴുകി. അങ്ങനെ ശരീരവും മനസ്സും വ്രണിതമായി.

ത്വാഇഫിൽനിന്നു മടങ്ങവെ ഹറാഅ് എന്ന സ്ഥലത്തെത്തിയപ്പോൾ ഉത്ബയുടെയും ശൈബയുടെയും തോട്ടത്തിൽ വിശ്രമിച്ചു. ഇത് ത്വാഇഫിൽനിന്ന് മൂന്നു മൈൽ ദൂരെയാണ്. നാട്ടിലേക്ക് എങ്ങനെ മടങ്ങും, എവിടെപ്പോകും എന്ന ചിന്ത നബിയെ അലട്ടിക്കൊണ്ടിരുന്നു. അതിനാൽ ഖുസാഅഃ ഗോത്രക്കാരനായ അരീഖത്വിനെ മക്കയിലെ പ്രമുഖ ഗോത്രനേതാവ് അഖ്നസുബ്നു ശരീഖിന്റെ അടുത്തേക്ക് അഭയം ആവശ്യപ്പെട്ടു കൊണ്ട് അയച്ചു. അദ്ദേഹം അഭയം നൽകിയില്ല. പിന്നീട് സഹ്‌ലുബ്നു അംറിന്റെ അടുത്തേക്ക് അരീഖത്വിനെ തന്നെ അയച്ചു. അദ്ദേഹവും അഭയം നിഷേധിച്ചു. മൂന്നാമതായി അരീഖത്വിനെ അയച്ചത് മുത്ഇമുബ്നു അദിയ്യിന്റെ അടുത്തേക്കാണ്. അദ്ദേഹം അഭയം വാഗ്ദാനം ചെയ്തു. തന്റെ അഞ്ചോ ആറോ മക്കളെ നബിയുടെ അടുത്തേക്കയച്ചു. അവർ നബിയെ കൂട്ടിക്കൊണ്ടു വന്ന് തങ്ങളുടെ വീട്ടിൽ താമസിപ്പിച്ചു. പിറ്റേന്ന് മുത്ഇം മക്കളോട് ആയുധമണിയാൻ ആവശ്യപ്പെട്ടു. സായുധരായ സന്താനങ്ങളോടൊപ്പം നബിയെയും കൂട്ടി കഅ്ബയുടെ അടുത്തേക്ക് പോയി. അവർ നബിക്ക് ത്വവാഫ് ചെയ്യാൻ കാവൽ നിന്നു. പ്രവാചകൻ പ്രാർഥന പൂർത്തീകരിച്ചപ്പോൾ മുത്ഇം പ്രഖ്യാപിച്ചു: 'ഖുറൈശികളേ, ഞാൻ മുഹമ്മദിന് അഭയം നൽകിയിരിക്കുന്നു. അതിനാൽ ആരും അദ്ദേഹത്തെ ദ്രോഹിക്കരുത്.' ഇതുകേട്ട് അബൂജഹ്ൽ ചോദിച്ചു: 'അഭയം നൽകിയതാണോ അതോ അനുയായി ആയതാണോ?' അഭയം മാത്രമെന്ന് മുത്ഇം അറിയിച്ചു. ശേഷം നബി(സ) തന്റെ പ്രബോധന പ്രവർത്തനങ്ങൾ തുടർന്നത് മുത്ഇം എന്ന ബഹുദൈവവിശ്വാസിയുടെ സംരക്ഷണത്തിലാണ്.

ഹാശിം കുടുംബത്തെയും കൂടെയുള്ള വിശ്വാസികളെയും ബഹിഷ്കരിക്കാനും ശിഅ്ബ് അബീത്വാലിബിൽ ഉപരോധിക്കാനുമായി തയാറാക്കി വിശുദ്ധ കഅ്ബയിൽ പതിച്ചിരുന്ന ഖുറൈശികളുടെ വിളംബരം തള്ളിക്കളഞ്ഞ ആറു പേരിൽ ഒരാൾ മുത്ഇമാണ്. ഹിജ്റക്ക് പശ്ചാത്തലമൊരുക്കിയ രണ്ടാം അഖബ ഉടമ്പടി കഴിഞ്ഞ് യസ്‌രിബ് നിവാസികൾക്ക് സുരക്ഷിതരായി നാട്ടിലേക്ക് മടങ്ങാൻ സൗകര്യമൊരുക്കിയതും അദ്ദേഹം തന്നെ. ഖുറൈശികൾ പിടികൂടിയ സഅ്ദുബ്നു ഉബാദയെ മോചിപ്പിച്ച് യസ്‌രിബിലെത്താൻ സഹായിച്ചതും മുത്ഇമും ഹാരിസുബ്നു ഹർബുമാണ്.

ബനൂ അബ്ദു മനാഫ് കുടുംബാംഗവും ഖുറൈശി ഗോത്രക്കാരനും പ്രമുഖ സ്വഹാബി ജുബൈറുബ്നു മുത്ഇമിന്റെ പിതാവുമായ മുത്ഇം ബഹുദൈവവിശ്വാസിയായിത്തന്നെ ജീവിച്ചു. ബദ്ർ യുദ്ധത്തിനു മുമ്പെ മക്കയിൽ വെച്ച് ബഹുദൈവാരാധകനായിത്തന്നെ മരണപ്പെടുകയും ചെയ്തു.

എന്നിട്ടും മുത്ഇം ആവശ്യപ്പെട്ടിരുന്നുവെങ്കിൽ ബദ്ർ യുദ്ധത്തിൽ പിടികൂടിയ കൊടിയ ശത്രുക്കളും ദുഷ്ടരുമായ എഴുപത് തടവുകാരെ വെറുതെ വിടുമായിരുന്നുവെന്ന് നബി(സ) പ്രഖ്യാപിച്ചു. മാത്രമല്ല ബഹുദൈവവിശ്വാസിയായി ജീവിച്ചു മരിച്ച മുത്ഇമിന് അനുശോചനകാവ്യം ചൊല്ലാൻ പ്രമുഖ സ്വാഹാബിയും വിഖ്യാത കവിയുമായ ഹസ്സാനുബ്നു സാബിതിന് അനുവാദം നൽകുകയും ചെയ്തു. ഹസ്സാൻ(റ) ഏറെ ശ്രദ്ധേയമായ അനുശോചന കാവ്യം രചിച്ച് ആലപിച്ചു.

ബഹിഷ്കരണ പത്രിക നിരാകരിച്ച ബഹുദൈവാരാധകനായ അബുൽ ബഹ്തർ പ്രവാചകന്നും അനുയായികൾക്കുമെതിരെ ബദ്റിൽ യുദ്ധത്തിനു വന്നിട്ടും യുദ്ധമുന്നണിയിൽ കണ്ടാലും കൊല്ലരുതെന്ന് നബി കൽപിച്ചു. മാപ്പ് നൽകണമെന്ന് നിർദേശിച്ചു. ത്രിയേകത്വ വിശ്വാസികളായ ക്രൈസ്തവരോടായിരുന്നു പേർഷ്യക്കാരേക്കാൾ എല്ലാ അർഥത്തിലും മുസ്‌ലിംകൾക്ക് അടുപ്പം. അതുകൊണ്ടുതന്നെ പരാജിതരായ റോമക്കാർ പത്ത് കൊല്ലത്തിനകം പേർഷ്യക്കാരെ പരാജയപ്പെടുത്തുമെന്നും അന്ന് സത്യവിശ്വാസികൾ സന്തോഷിക്കുമെന്നും ഖുർആൻ പ്രഖ്യാപിച്ചു. നീതിയുടെ പക്ഷത്ത് നിലയുറപ്പിച്ച് ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ഗുണകരമായ എന്തെങ്കിലും ചെയ്യുന്ന ഏവരോടും ഉദാരമായി പെരുമാറണമെന്നും മാന്യമായ സമീപനം സ്വീകരിക്കണമെന്നുമാണ് ഇതൊക്കെയും നമ്മെ പഠിപ്പിക്കുന്നത്. ●